# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4886** 18.12.2014-ൽ മറുപടിയ്ക്ക്

## ഗുണനിലവാര പരിശോധനയ്ക്ക് ക്വാളിറ്റി മാന്വൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>,, അൻവർ സാദത്ത്<br>,, ജോസഫ് വാഴയ്ക്കൻ<br>,, പി.എ.മാധവൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിലുള്ള ഗുണ നിലവാര പരിശോധനാ സമ്പ്രദായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗവൺമെന്റ് സർക്കുലർ നം.10434/സി3/ 2014/പൊ.മ.വ തീയതി 08.05.2014 പ്രകാരം രണ്ട് തലത്തിലുള്ള ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യതല ഗുണനിലവാര പരിശോധന, നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം നടത്തുന്ന ഫീൽഡ് ഉദ്യോഗസ്ഥർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും അതിന്റെ നിർവ്വഹണ ചെലവുകൾ കരാറുകാർ വഹിക്കേണ്ടതുമാണ്. രണ്ടാംതല ഗുണ നിലവാര പരിശോധന പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥർ നിർവ്വഹിച്ച് അതിന്റെ ടെസ്റ്റ് റിപ്പോർട്ട് നൽകേണ്ടതാണ്. ഇതുകൂടാതെ 5 കോടിക്കുമുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനു പുറത്തുള്ള വിദഗ്ധൻമാരുടെ നേതൃത്വത്തിൽ മൂന്നാം തല ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. |
| (ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള വിവിധ തലങ്ങളിലെ ഗുണ നിലവാര പരിശോധന സംബന്ധിച്ച നിബന്ധനകൾ വിശദമാക്കുമോ ; | (ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിലെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. ഗുണനിലവാരം പരിശോധിക്കുന്നത് 2 തലത്തിലായിട്ടാണ്. ഒന്നാം ഘട്ട പരിശോധന മേൽനോട്ടം വഹിക്കുന്ന അതാത് എഞ്ചിനീയർമാരുടെ ചുമതലയാണ്. അവർ അത് നിശ്ചിത സമയക്രമത്തിൽ പരിശോധന നടത്തി, ടെസ്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി വെയ്ക്കണം. ഇത് കൂടാതെ രണ്ടാം ഘട്ടമായി ക്വാളിറ്റി ലാബുകളിലുള്ള എഞ്ചിനീയർമാർ |

| | | | |
|---|---|---|---|
| | | | മിന്നൽ പരിശോധന നടത്തുകയും, (റാൻഡം ചെക്കിംഗ്) പരിശോധന റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഗുണനിലവാരമില്ലാത്ത വസ്തുക്കളുടെ റിപ്പോർട്ടുകൾ PWD വിജിലൻസിന് കൈമാറുന്നു. ആദ്യതലത്തിലുള്ള ഗുണനിലവാര പരിശോധന കരാറുകാരുടെ സ്വന്തം ചെലവിൽ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സൈറ്റിൽ തന്നെ നടത്തേണ്ടതാണ്. രണ്ടാമത്തെ തലത്തിൽ വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ലബോറട്ടറികൾ വഴി വകുപ്പ് നേരിട്ട് ഗുണനിലവാരം പരിശോധിക്കേണ്ടതാണ്. ഇപ്രകാരം പരിശോധിച്ച്, സർട്ടിഫിക്കറ്റ് നൽകിയ പ്രവൃത്തികൾക്ക് മാത്രമേ ബിൽ നൽകാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് പ്രവൃത്തികൾ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലല്ല നടത്തിയത് എന്ന് തെളിഞ്ഞാൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിൽ ചെയ്യാത്ത പ്രവൃത്തികൾക്ക് ബിൽ നൽകുന്നത് തടയാനും കരാറുകാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാനും കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും വ്യവസ്ഥയുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | ക്വാളിറ്റി മാന്വൽ തയ്യാറാക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**